മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ 2020 -21 അക്കാദമിക വർഷത്തിലേക്ക് ഓൺലൈൻ ആയി നടത്തുന്നതിനുള്ള വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നതിനായി ചേർന്ന യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് ബി 7 സെക്ഷൻ

നമ്പർ. 3956/AC B 7/2019/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 16.08.2019

---

പരാമർശം:-(1) സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കുള്ള പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ 2020 -21 അക്കാദമിക വർഷത്തിലേക്ക് ഓൺലൈൻ ആയി നടത്തുന്നതിനുള്ള വിവിധ വശങ്ങൾ ചർച്ച ചെയ്യുന്നതിൻറെ ഭാഗമായി രൂപീകരിച്ച കമ്മറ്റി രജിസ്ട്രാർ (i/c ) അദ്ധ്യക്ഷതയിൽ 1.7.2019, 11.00 എ.എം ന് രജിസ്ട്രാറുടെ ഓഫീസിൽ ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്.

## ഉത്തരവ്

മേൽ പരാമർശം (1) പ്രകാരം കൂടിയ യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ സ്വീകരിച്ചു.

1.CAT 2019 പരീക്ഷയ്ക്കായി ഓൺലൈൻ ചോദ്യ ബാങ്ക് തയാറാക്കിയിരുന്നു.CAT 2020 ലെപരീക്ഷ ഈ ചോദ്യ ബാങ്കിൽ നിന്നും തെരഞ്ഞെടുക്കുന്ന ചോദ്യങ്ങൾ ഓൺലൈൻ ആയി പരീക്ഷ കേന്ദ്രങ്ങളിലേക്ക് അയച്ച് കൊടുത്ത് അവിടെ ചോദ്യങ്ങൾ പ്രിന്റ്ചെയ്ത് ഒ എം ആർ പരീക്ഷ നടത്തുവാൻ ശിപാർശ ചെയ്യുന്നു.

2. മുൻ വർഷം തയ്യാറാക്കിയ CAT ന് വേണ്ടിയുള്ള ചോദ്യബാങ്കിൽ ഓരോ പഠനവകുപ്പ് / ഇന്റെർസ്കൂൾ സെന്റർ കുറഞ്ഞത് 400 ചോദ്യങ്ങൾ ഈ വർഷം നവംബറിന് മുൻപായി കൂട്ടിച്ചേർത്ത് ചോദ്യബാങ്ക് പരിഷ്കരിക്കണം എന്ന് ശിപാർശ ചെയ്യുന്നു.

3.സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ അടുത്ത അധ്യയന വർഷം മുതൽ ഓൺലൈൻ ആയി നടത്തുന്നതിനായി വേണ്ട വിവിധ വശങ്ങളെക്കുറിച്ച് പഠിക്കാൻ രൂപീകരിച്ച കമ്മറ്റിയിൽ ഒരു സിൻഡിക്കേറ്റ് അംഗത്തെ കൂടി ഉൾപ്പെടുത്തി കമ്മറ്റി വിപുലീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

4. അടുത്ത അധ്യയന വർഷത്തിലെ CAT പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി വിവിധ പഠന വകുപ്പിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വകുപ്പ് മേധാവിമാരുടെ യോഗം ജൂലൈ മാസത്തിൽ നടത്തുവാൻ ശിപാർശ ചെയ്യുന്നു.

Draft #2 of File 24544/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 14-Aug-2019 03:18 PM - Page 1

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിക്കുകയും കമ്മിറ്റിയുടെ ചെയർമാൻ ആയി സിൻഡിക്കേറ്റ് അംഗം ഡോ. കെ ജയചന്ദ്രനെ നാമനിർദേശം ചെയ്യുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. ഡോ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് ബയോസയൻസസ് (സിൻഡിക്കേറ്റ് അംഗം)
2. എല്ലാ പഠന വകുപ്പ് മേധാവിമാർക്കും
3. വൈസ് ചാൻസലറുടെ പി.എസ്
4. രജിസ്ട്രാറുടെ പി.എ
5. ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
6. ഡോ. ജെ.ജി. റേ (എസ്.ബി.എസ്), ഡോ.സജി മോൻ ഏബ്രഹാം (എസ്.എം.ബി.എസ്.)
7. ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 24544/AC B7/3/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 14-Aug-2019 03:18 PM - Page 2